<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610</u> <u>08-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കാർഷിക കടാശ്വാസ കമ്മീഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചു വരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു. |
| (ബി) | കാർഷിക കടാശ്വാസ കമ്മീഷന് ലഭിക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കർഷകർ നൽകുന്ന അപേക്ഷകളിന്മേൽ കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തി പുറപ്പെടുവിക്കുന്ന അവാർഡുകളിന്മേൽസഹകരണ സംഘം രജിസ്ട്രാർ പരിശോധന നടത്തി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള കടാശ്വാസ തുക സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും മൂലം നിർത്തിവയ്ക്കേണ്ടി വന്ന കടാശ്വാസ കമ്മീഷന്റെ സിറ്റിംഗ് നടപടികൾ ഈ വർഷം ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. സിറ്റിംഗ് നിർത്തിവയ്ക്കേണ്ടി വന്ന സാഹചര്യത്തിൽ കടാശ്വാസ കമ്മീഷനിൽ തീർപ്പാക്കാൻ അവശേഷിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ അവാർഡുകളിന്മേലുള്ള വെരിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ